# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1518 03.05.2017 ൽ മറുപടിയ്ക്ക്

## കെ.സുരേന്ദ്രന് എതിരായ കേസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ടി.ബൽറാം | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ബി.ജെ.പി നേതാവ് കെ.സുരേന്ദ്രൻ മംഗലാപുരത്ത് നടത്തിയ പ്രകോപനപരമായ പ്രസംഗത്തിന്റെ പേരിൽ കേസെടുക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും പരാതി പൊലീസിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ പോലീസ് കേസെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) പ്രസ്തുത പരാതിയിന്മേൽ കേരളത്തിൽ കേസെടുക്കാൻ കഴിയില്ലെങ്കിൽ കേസെടുക്കാനുള്ള ശിപാർശയോടെ പരാതി കർണ്ണാടക സർക്കാരിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ) യും (ബി) യും | ബി.ജെ.പി നേതാവ് കെ.സുരേന്ദ്രൻ മംഗലാപുരത്ത് നടത്തിയ പ്രകോപന-പരമായ പ്രസംഗത്തിന്റെ പേരിൽ എം.എൽ.എ.മാരായ ശ്രീ.എം.സ്വരാജ്, ശ്രീ.എൻ.എ.നെല്ലിക്കുന്ന് എന്നിവരുടെ പരാതി പോലീസ് ആസ്ഥാനത്ത് ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വസ്തുതകൾ പരിശോധിച്ച് നിയമ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കർണ്ണാടക ഡി.ജി.പി.ക്ക് 06/03/2017 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.